**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2152** **12-12-2022 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ നിർമ്മാണത്തിനുള്ള പ്രതിസന്ധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ മലയോര ഹൈവേയുടെ നിർമ്മാണത്തിനായി സ്ഥലം അളന്നു തിരിക്കുന്നതിനും കല്ലുകൾ സ്ഥാപിക്കുന്നതിനും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ എതിർപ്പ് മൂലം സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാന മലയോരഹൈവേയുടെ നിർമ്മാണത്തിനായി വനഭൂമിയുടെ അതിർത്തികൾ നിർണ്ണയിച്ച് സർവ്വേ നടപടികൾ പൂർത്തീകരിച്ച് താൽക്കാലിക പെഗ്മാർക്കിംഗ് ചെയ്തിട്ടുണ്ട് . |
| (ബി) | നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളിൽ വനഭൂമികളിലെ സർവ്വേ നടപടികൾക്ക് വനം വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള തടസ്സങ്ങൾ നീക്കുന്നതിനും വീട്ടും ജീവിതോപാധിയും നഷ്ടപ്പെടുന്നവർക്കും ചുരുങ്ങിയ സ്ഥലം മാത്രമുള്ള കുടുംബങ്ങൾക്കുണ്ടാകുന്ന കെട്ടിടം ഉൾപ്പെടെയുള്ള നഷ്ടങ്ങൾ നികത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളിൽ വനഭൂമികളിലെ സർവ്വേ നടപടികൾക്ക് വനം വകുപ്പിന്റെ ഭാഗത്തു നിന്നും തടസ്സങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. മലയോരഹൈവേയുടെ നിർമ്മാണത്തിനായി 18.5002 ഹെക്ടർ വനഭൂമി ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ പരിവേഷ് പോർട്ടലിൽ കെ.ആർ.എഫ്.ബി സമർപ്പിച്ച അപേക്ഷയിൽ ചില അധിക വിവരങ്ങൾ/ വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് സ്റ്റേജ് -1 അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുവാൻ കഴിയുകയുള്ളൂ. ഭൂമി ഏറ്റെടുക്കുന്നതുമൂലം മതിലുകൾ, കെട്ടിടത്തിന്റെ ഭാഗങ്ങൾ തുടങ്ങിയവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ കെ.ആർ.എഫ്.ബി മുഖാന്തിരം പുനർനിർമ്മിച്ച് നൽകുന്നതാണ്. വീട് നഷ്ടപ്പെടുന്നവർക്കായുള്ള പാക്കേജ് രൂപീകരിക്കാനുള്ള അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ